**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്റ്ററ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**(സാന്നിധ്യം. .രഞ്ജൻ രാജ്.ആർ.പി )**

വിഷയം:- പൊതുവിദ്യാഭ്യാസം -ഒ എ നം. 1187/2022- ശ്രീമതി ശ്രീക്കുട്ടി എം സി, ശ്രീമതി രമ്യ കൃഷ്ണൻ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിന്റെ 06/07/2022 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) സ.ഉ.(സാധാ) നം. 291/2023/പൊ വി വ തീയതി: 13/01/2023.
2) കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17/04/2023 ലെ എ4/1006/2022 നമ്പർ കത്തും അനുബന്ധ രേഖകളും
3) കോവിഡ് കാലയളവിൽ നിയമന ശുപാർശ ലഭിച്ച ആലപ്പുഴ ജില്ലയിലെ അദ്ധ്യാപകരുടെ അപേക്ഷ.

**ഉത്തരവ് നമ്പർ -എ5/8034/2025/ഡി.ജി.ഇ തീയതി : 28-04-2025**

പരാമർശം(1) ലെ സർക്കാർ ഉത്തരവുപ്രകാരം പി എസ് സി മുഖേന നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർഥികൾക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ അദ്ധ്യാപക തസ്തികകളിൽ സമയബന്ധിതമായി നിയമനം ലഭിക്കാത്തത് മൂലം നിശ്ചിത സമയ പരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാത്തതിനാൽ സീനിയോരിറ്റി നഷ്ടപ്പെടുന്നത് നീതിയുക്തമല്ല എന്നും ആയതിനാൽ KS&SSR ഭാഗം II ചട്ടം 27(c) യുടെ ഒന്നാം പ്രൊവിസോയിൽ ഇളവു വരുത്തി ടി ജീവനക്കാർക്ക് അഡ്വൈസ് സീനിയോരിറ്റി അനുവദിച്ച് നൽകി, KSR ചാപ്റ്റർ III, റൂൾ 23(a) പ്രകാരം ജോലിയിൽ ചുമതലയേൽക്കുന്ന തീയതി മുതൽക്ക് മാത്രമേ സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുള്ളൂ എന്ന വ്യവസ്ഥയിൽ സീനിയോരിറ്റി അനുവദിച്ച് നൽകുന്നതിന് ഉത്തരവായിരുന്നു. ഇപ്രകാരമുള്ള സമാന കേസുകളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സീനിയോരിറ്റി അനുവദിച്ചുനൽകണം എന്നും ഉത്തരവായിരുന്നു.

**മേൽപ്പറഞ്ഞ സാഹചര്യത്തിൽ, സമാനമായ കേസുകളിൽ ജോലിയിൽ ചുമതലയേൽക്കുന്ന തീയതി മുതൽക്ക് മാത്രമേ സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുള്ളൂ എന്ന വ്യവസ്ഥയിൽ അഡ്വൈസ് സീനിയോരിറ്റി അനുവദിച്ച് നൽകുന്നതിനും അദ്ധ്യാപകർക്ക് അവരുടെ നിയമന ശിപാർശ, നിയമനഉത്തരവ്, സേവനപുസ്തകം മുതലായ രേഖകൾ വളരെ സൂക്ഷ്മതയോടെ പരിശോധിച്ച് പരാമർശം(1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയോരിറ്റി അനുവദിച്ചു നൽകുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.**

രഞ്ജൻ രാജ് .ആർ.പി

പെൻ.101148

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും